# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3790 23/08/2017-ൽ മറുപടിക്ക്

## വൈദ്യുതി കമ്പിയിൽ തട്ടി മരണമടഞ്ഞയാൾക്ക സാമ്പത്തിക സഹായം

| | ചോദ്യം<br><br>**ശ്രീ.കെ.സി.ജോസഫ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ സതീശ് കുമാർ എന്നയാൾ ബൈക്കിൽ യാത്ര ചെയ്യവെ ,പൊട്ടി വീണ കിടന്ന വൈദ്യുതി കമ്പിയിൽ തട്ടി മരണമടഞ്ഞ സാഹചര്യത്തിൽ സതീശ് കുമാറിന്റെ നിരാലംബമായ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ സതീഷ് കുമാർ എന്നയാൾ ബൈക്കിൽ യാത്ര ചെയ്യവെ, പൊട്ടി വീണ കിടന്ന വൈദ്യുതി കമ്പിയിൽ തട്ടി മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ 06.06.2017 ന് പയ്യാവൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ നടന്ന അപകടത്തിൽ ശ്രീ.തോമസ് എന്നയാൾ അപകടത്തിൽ മരണപ്പെട്ടതായും ടിയാനോടൊപ്പം ബൈക്ക് ഓടിച്ചിരുന്ന ശ്രീ.സതീഷ് കുമാറിന് പരിക്ക് പറ്റിയതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട ശ്രീ.തോമസിന്റെ അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്. ശ്രീ. സതീഷ് കുമാറിന് പ്രസ്തുത അപകടം മൂലം സാരമായ പരിക്കേറ്റതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ